# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 217 20.06.2012 - ൽ മറുപടിക്ക്

## സ്വകാര്യ ഏജൻസികൾ വഴിയുള്ള കുടിവെള്ള വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ. എ.പ്രദീപ് കുമാർ<br>ഡോ.കെ.ടി.ജലീൽ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ളവിതരണത്തിനായി ജനങ്ങൾ സ്വകാര്യ വിതരണക്കാരെ ആശ്രയിക്കേണ്ടി വരുന്നത് സർക്കാർ സംവിധാനത്തിലെ വീഴ്ചമൂലമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ; | (എ) കേരള ജലഅതോറിറ്റി, ലഭ്യമായ കുടിവെള്ളം കഴിയുന്നത്ര കാര്യക്ഷമമായി വിതരണം ചെയ്യാൻ ശ്രമിക്കുന്നുണ്ട്. ജല അതോറിറ്റിയുടെ വിതരണ ശൃംഖലയുള്ള എല്ലാ സ്ഥലങ്ങളിലും കുടിവെള്ളം ലഭ്യമാക്കുന്നതിനായി വാൽവുകൾ നിയന്ത്രിച്ച് ജലവിതരണം സാധ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ വിതരണ ശൃംഖലയില്ലാത്ത സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന അവസരങ്ങളിൽ സ്വകാര്യ ഏജൻസികൾ ജലവിതരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സ്വകാര്യ ഏജൻസികൾ വിതരണം ചെയ്യുന്ന വെള്ളം ഗുണമേന്മയുള്ളതാണെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ ; എങ്ങനെയാണ് ഗുണനിലവാരം ഉറപ്പുവരുത്തുന്നതെന്നറിയിക്കാമോ ; | (ബി) കുടിവെള്ളം ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് ജലഅതോറിറ്റിയുടെ ശുദ്ധീകരണ ശാലകളിൽ നിന്നുമുള്ള, ശുദ്ധീകരിച്ച കുടിവെള്ളം നിശ്ചിതനിരക്കിൽ ടാങ്കർ ലോറികൾ വഴി നൽകുവാനുള്ള സംവിധാനമുണ്ട്. ഇങ്ങനെ നൽകുന്ന ജലം പൂർണ്ണമായും ശുദ്ധീകരിച്ച് അണുവിമുക്തമാക്കി ജലഅതോറിറ്റിയുടെ പരിശോധനാ ലാബുകളിൽ പരിശോധിച്ച് ഉറപ്പു വരുത്തിയാണ് നൽകുന്നത്. എന്നാൽ സ്വകാര്യ ഏജൻസികൾ മറ്റ് സ്രോതസ്സുകളിൽ നിന്നും ശേഖരിച്ചു വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാനുള്ള അധികാരം ജലഅതോറിറ്റിയിൽ നിക്ഷിപ്തമല്ല. ജലവിതരണ സംവിധാനത്തിലുണ്ടാകുന്ന അറ്റകുറ്റപ്പണികൾ യഥാസമയം നടത്തിയും |

സാദ്ധ്യമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വിതരണ ശൃംഖല ദീർഘിപ്പിച്ചും പരമാവധി ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ ശ്രമിക്കുന്നുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ പ്ലാന്റുകളിൽ നിന്നും ശുദ്ധീകരിച്ച കുടിവെള്ളം ടാങ്കറുകൾക്ക് നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ വിതരണ ശൃംഖലയില്ലാത്ത സ്ഥലങ്ങളിൽ ശുദ്ധജലം എത്തിയ്ക്കുവാൻ ശ്രമിക്കുന്നുണ്ട്.

(സി) പാനയോഗ്യമല്ലാത്ത വെള്ളത്തിലൂടെ പകർച്ചവ്യാധികൾ പടരുന്നത് മനസ്സിലാക്കിയിട്ടുണ്ടോ ; ഇത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം പൂർണ്ണമായും ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയാണ് ജനങ്ങളിലെത്തിക്കുന്നത്. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ജല അതോറിറ്റിയുടെ പരിശോധനാ ലാബുകളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇങ്ങനെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിലൂടെ പകർച്ചവ്യാധികൾ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഗുണനിലവാരമില്ലാത്ത വെള്ളം വിതരണം നടത്തിയതിന് എത്ര കുടിവെള്ള വിതരണക്കാർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

(ഡി) മറ്റ് ഏജൻസികൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാനും നടപടിയെടുക്കുവാനുമുള്ള അധികാരം ജല അതോറിറ്റിയിൽ നിക്ഷിപ്തമല്ല.

സെക്ഷൻ ഓഫീസർ